# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *62

30.10.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരമേഖലയിലെ വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.യു.ആർ.പ്രദീപ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരമേഖല ആദായകരവും സുസ്ഥിര വരുമാനദായകവുമായി മാറ്റി യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ സാധ്യമാകും വിധം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംയോജിത ക്ഷീര വികസന പദ്ധതിയായ ഗ്ലോബൽ ഡയറി വില്ലേജിന്റെ വിശദാംശം നൽകുമോ; | (എ) കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജക മണ്ഡലത്തിലെ വേങ്ങാട് ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ചാണ് 'ഗ്ലോബൽ ഡയറി വില്ലേജ്' എന്ന സംയോജിത ക്ഷീരവികസന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.<br>ടി പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കി വരുന്നു. നാടൻ പശുക്കളുടെ സംരക്ഷണവും ഡയറി യൂണിറ്റുകളും, ഡയറി പ്ലാന്റ്, ഫുഡ് പ്രോസസിംഗ് പ്ലാന്റ്, ഫോഡർ എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. ധർമ്മടം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ധർമ്മടം, പിണറായി, വേങ്ങാട്, മുഴപ്പിലങ്ങാട്, അഞ്ചരക്കണ്ടി, ചെമ്പിലോട്, കടമ്പൂർ, പെരളശ്ശേരി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ സാറ്റലൈറ്റ് ഡയറി യൂണിറ്റുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.<br>ഇന്ത്യൻ ജനുസ്സുകളുടെ സവിശേഷമായ പാലുല്പാദന / ഗുണമേന്മാ സാധ്യതകൾ ഉപയോഗപ്പെടുത്തി വാണിജ്യാടിസ്ഥാനത്തിൽ പാൽ ഉല്പാദിപ്പിച്ച്, ഗുണനിലവാരത്തോടെ മൂല്യവർദ്ധനം നടത്തി, ആധുനിക സാങ്കേതിക വിദ്യയിലൂടെ നൂതനമായ ക്ഷീരോല്പന്നങ്ങൾ നിർമ്മിച്ച് സ്വദേശത്തും വിദേശത്തും വിപണി കണ്ടെത്തുകയും തദ്ദേശീയമായ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും കൂടാതെ ജനപങ്കാളിത്തത്തോടെ ജൈവ കാർഷിക ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുക, ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നുണ്ട്. |
| (ബി) ഉത്പാദനക്ഷമത കൂടിയ കറവപ്പശുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള പദ്ധതി കൈവരിച്ച നേട്ടം അറിയിക്കാമോ; | (ബി) ക്ഷീരവികസന വകുപ്പ് പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉത്പാദനക്ഷമത കൂടിയ കറവ പശുക്കളെ കർഷകർക്ക് ലഭ്യമാക്കുന്നതിനുമായിട്ടാണ് 'മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി' നടപ്പിലാക്കുന്നത്. 2018-19 വർഷത്തിൽ 46 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുകയും അതിലൂടെ 5592 കറവ പശുക്കളെ വാങ്ങുന്നതിന് കർഷകർക്ക് സഹായം നൽകുകയും അതിന്റെ ഭാഗമായി സംസ്ഥാനത്തെ ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 50,000 ലിറ്ററിന്റെ വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.<br>2019-20 വർഷത്തിൽ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയ്ക്കായി 5093 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

ഇതിന്റെ പ്രവർത്തങ്ങൾ നടന്നു വരികയാണ്. കൂടാതെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയുടെ ഭാഗമായി 10 ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഓരോ ഗ്രാമ പഞ്ചായത്തിലും 50 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം ക്ഷീരമേഖലയിൽ നടത്തി വരുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തീറ്റപ്പുൽകൃഷി വികസന പദ്ധതി
2. കാലിത്തീറ്റ സബ്സിഡി
3. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം
   a) ക്ഷീരഗ്രാമംപദ്ധതി
   b) ഡയറി സോൺ
   c) അവശ്യാധിഷ്ഠിത സഹായം
   d) യന്ത്രവത്കരണം
   e) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
   f) ഹീഫർ പാർക്ക്
4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
5. സമഗ്ര ഇൻഷുറൻസ് പദ്ധതി
6. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി

കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

സംസ്ഥാനത്ത് ആദ്യമായി ക്ഷീരകർഷകർക്കായി 5 കോടി രൂപയുടെ കടാശ്വാസ പദ്ധതി നടപ്പാക്കുകയും ക്ഷീരകർഷകരുടെ പ്രധാന പ്രശ്നമായ വർദ്ധിച്ച തീറ്റ ചെലവ് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യവ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി. ഉരുക്കളേയും കർഷകരേയും കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി സമഗ്രഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ / മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്ക് ആവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

ക്ഷീരകർഷക ക്ഷേമനിധി പെൻഷനായി ആ പെൻഷന് യോഗ്യരായ ഓരോ ക്ഷീരകർഷകനും നൽകുന്ന 1200 രൂപയിൽ 900 രൂപ സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നാണ് നൽകുന്നത്.

**സെക്ഷൻ ഓഫീസർ**